# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ–4971

### 04.07.2012–ലെ മറുപടിക്ക്

### അനോമലി പരിഹരിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും നഴ്സുമാരുടെ യൂണിഫോം അലവൻസ് നഴ്സിംഗ് അസിസ്റ്റന്റുമാരേക്കാളും കുറഞ്ഞതിന്റെ കാരണം എന്താണ്; | ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം നിലവിൽ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും നഴ്സുമാരുടെയും നഴ്സിംഗ് അസിസ്റ്റന്റുമാരുടേയും യൂണിഫോം അലവൻസ് തുല്യനിരക്കിലാണ്, പ്രതിവർഷം 1600 രൂപ. |
| (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റോർ സൂപ്രണ്ടുമാരുടെ അനോമലി പരിഹരിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ആരോഗ്യവകുപ്പ് സെക്രട്ടറിയും ശുപാർശ നൽകിയിട്ടും എന്തുകൊണ്ട് ഇതുവരെ പരിഹരിച്ചിട്ടില്ല; | ഈ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ആവശ്യമുളളതിനാൽ അവ ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) | ശമ്പളം ബാങ്കുകളിൽ നൽകാൻ ഉത്തരവായിട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജീവനക്കാർ അപേക്ഷ നൽകിയിട്ടും നടപ്പിലാക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയത് നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ? | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുളള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം ബാങ്കുകളിലൂടെ നൽകുവാൻ അപേക്ഷ നൽകിയവർക്ക് ആയത് നൽകുവാനുളള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത് നടപ്പിലാക്കുവാനുളള നിർദ്ദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ